## മധുരമായ കുട്ടികളെ – നിങ്ങളുടെ ഓർമ്മ വളരെ അതിശയകരമാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾ ഒരേ സമയം അച്ഛൻ, ടീച്ചർ, സദ്ഗുരു ഈ മൂന്ന് പേരേയും ഓർമ്മിക്കുന്നു

**ചോദ്യം:–** ഏതെങ്കിലും കുട്ടികളെ മായ അഹങ്കാരത്തിലേക്ക് കൊണ്ടുവന്നാൽ അവർ ഏതു കാര്യത്തിൽ അശ്രദ്ധരാകുന്നു?

**ഉത്തരം:–** അഹങ്കാരത്തിലേക്ക് വരുന്ന കുട്ടികൾ ദേഹാഭിമാനത്തിൽ വശപ്പെട്ട് മുരളി അവഗണിക്കുന്നു. പഴഞ്ചൊല്ലില്ലേ – എലിക്ക് മഞ്ഞൾ കഷ്ണം കിട്ടിയപ്പോൾ സ്വയം വ്യാപാരിയാണെന്ന് വിചാരിച്ചു... ഒരുപാടു പേർ മുരളി പഠിക്കുന്നില്ല, നമുക്ക് നേരിട്ട് ശിവബാബയുമായാണ് കണക്ഷൻ എന്ന് പറയുന്നു. ബാബ പറയുന്നു – കുട്ടികളേ, മുരളിയിൽ ദിവസവും പുതിയ പുതിയ കാര്യങ്ങൾ വരുന്നുണ്ട് അതുകൊണ്ട് മുരളി ഒരിക്കലും നഷ്ടപ്പെടുത്തരുത്, ഇക്കാര്യത്തിൽ വളരെ ശ്രദ്ധ കൊടുക്കൂ.

**ഓം ശാന്തി**. അതി മധുരമായ കളഞ്ഞുപോയി തിരികെക്കിട്ടിയ കുട്ടികളോട് ആത്മീയ അച്ഛൻ ചോദിക്കുന്നു, നിങ്ങൾ ഇവിടെ ആരുടെ ഓർമ്മയിലാണ് ഇരിക്കുന്നത്? എല്ലാവരും മൂന്ന് പേരുടെയും ഓർമ്മയിലാണോ ഇരിക്കുന്നത്? ഓരോരുത്തരും അവരവരോട് ചോദിക്കൂ നമ്മൾ ഇവിടെ ഇരിക്കുമ്പോൾ മാത്രമാണോ ബാബയെ ഓർമ്മിക്കുന്നത് അതോ നടക്കുമ്പോഴും ചുറ്റിക്കറുമ്പോഴും ബാബയെ ഓർമ്മിക്കാറുണ്ടോ? കാരണം ഇത് അതിശയകരമായ കാര്യമാണ്. മറ്റൊരാത്മാവിനെ പ്രതിയും ഇങ്ങനെ പറയില്ല. ഈ ലക്ഷ്മീ–നാരായണൻ വിശ്വത്തിന്റെ അധികാരികളാണ്. എങ്കിൽ കൂടിയും അവരുടെ ആത്മാവിനേയും അച്ഛനും, ടീച്ചറും, സദ്ഗുരുവുമാണെന്ന് പറയില്ല. മുഴുവൻ ലോകത്തിലും എത്ര ജീവാത്മാക്കൾ ഉണ്ടെങ്കിലും ഒരാത്മാവിനേയും ഇങ്ങനെ പറയില്ല. നിങ്ങൾ കുട്ടികൾ മാത്രമാണ് ഇങ്ങനെ ഓർമ്മിക്കുന്നത്. ഉള്ളിലറിയാം ബാബ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. അതും സുപ്രീമാണ്. മൂന്ന് പേരേയും ഓർമ്മിക്കുന്നുണ്ടോ അതോ ഒരാളെ മാത്രമാണോ ഓർമ്മിക്കുന്നത്? ബാബ ഒരാളേയുള്ളൂ എന്നാൽ മൂന്ന് ഗുണങ്ങളിലും നിങ്ങൾ ഓർമ്മിക്കുന്നു. ശിവബാബ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. ഇത് എക്സ്ട്രാ ഓർഡിനറിയാണ് (അസാധാരണമാണ്). ഇരിക്കുമ്പോഴും നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ഇക്കാര്യം ഓർമ്മ വരണം. ബാബ ചോദിക്കുകയാണ് – ബാബ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ് എന്ന് ഓർമിക്കുന്നുണ്ടോ? ഇങ്ങനെ ഒരു ദേഹധാരിയും ഉണ്ടായിരില്ല. ദേഹധാരികളിൽ നമ്പർവൺ ശ്രീകൃഷ്ണനാണ്, കൃഷ്ണനെ അച്ഛൻ, ടീച്ചർ, സദ്ഗുരു എന്ന് വിളിക്കില്ലല്ലോ. ഇത് വളരെ അതിശയകരമായ കാര്യമാണ്. അതുകൊണ്ട് സത്യം പറയണം മൂന്ന് രൂപത്തിലും ഓർമ്മിക്കുന്നുണ്ടോ? ഭക്ഷണം കഴിക്കുമ്പോൾ ശിവ പിതാവിനെ മാത്രമേ ഓർമ്മിക്കാറുള്ളോ അതോ മൂന്ന് പേരേയും തന്നെ ഓർമ്മിക്കാറുണ്ടോ? മറ്റൊരാത്മാവിക്കുറിച്ചും ഇങ്ങനെ പറയാൻ സാധിക്കില്ല. ഇത് വളരെ അതിശയകരമായ കാര്യമാണ്. ബാബയുടെ മഹിമ വളരെ വിചിത്രമാണ്. അതുകൊണ്ട് ഇങ്ങനെ മൂന്ന് രൂപത്തിലും ബാബയെ ഓർമ്മിക്കണം. ഈ അതിശയകരമായ കാര്യത്തിലേക്ക് ബുദ്ധി പൂർണ്ണമായും പോകണം. ബാബ വന്ന് തന്റെ പരിചയവും മുഴുവൻ ചക്രത്തിന്റെ ജ്ഞാനവും നൽകുകയാണ്. ഇങ്ങനെയാണ് യുഗങ്ങൾ, ഇത്ര ഇത്ര വർഷമാണ്, ഇത് കറങ്ങിക്കൊണ്ടേയിരിക്കുന്നു. ഈ ജ്ഞാനവും രചയിതാവായ ബാബ തന്നെയാണ് നൽകുന്നത്. ബാബയെ ഓർമ്മിക്കുമ്പോൾ വളരെയധികം ശക്തി ലഭിക്കും. അച്ഛനും ടീച്ചറും ഗുരുവും ഒരാൾ തന്നെയാണ്. ഇത്രയും ഉയർന്ന മറ്റൊരാത്മാവില്ല. എന്നാൽ മായ ഈ ബാബയെ മറപ്പിക്കുന്നു. അപ്പോൾ ടീച്ചറിനേയും ഗുരുവിനേയും കൂടി മറന്ന് പോകുന്നു. ഇക്കാര്യം ഓരോരുത്തരും തന്റെ ഹൃദയത്തിൽ സൂക്ഷിക്കണം. ബാബ നമ്മെ ഇങ്ങനെയുള്ള വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. പരിധിയില്ലാത്ത അച്ഛന്റെ സമ്പത്തും തീർച്ചയായും പരിധിയില്ലാത്തതായിരിക്കും. ഒപ്പം തന്നെ ഈ മഹിമയും ബുദ്ധിയിൽ വരണം, നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും മൂന്ന് പേരുടെയും ഓർമ്മ ബുദ്ധിയിലുണ്ടായിരിക്കണം. ഈ ഒരാത്മാവു മൂന്ന് രൂപത്തിലും ഒരുമിച്ച് സേവനം ചെയ്യുന്നതുകൊണ്ടാണ് സുപ്രീം എന്ന് പറയുന്നത്. വിശ്വത്തിൽ എങ്ങനെ ശാന്തി സ്ഥാപിക്കാം എന്ന ചോദ്യമുന്നയിച്ചുകൊണ്ട് സമ്മേളനങ്ങൾ നടത്തുന്നുണ്ട്. ഇപ്പോൾ ശാന്തി സ്ഥാപിക്കുകയാണ്, വന്ന് മനസ്സിലാക്കൂ. ആരാണോ സ്ഥാപിക്കുന്നത്, ആ ബാബയുടെ കർത്തവ്യം നിങ്ങൾ തെളിയിച്ചു പറഞ്ഞു കൊടുക്കണം. ബാബയുടെ കർത്തവ്യവും കൃഷ്ണന്റെ കർത്തവ്യവും തമ്മിൽ വ്യത്യാസമുണ്ട്. മറ്റുള്ളവർക്കെല്ലാം ശരീരത്തിനാണ് പേര് ലഭിക്കുന്നത്. ബാബയുടെ ആത്മാവിന്റെ പേരാണ് പ്രസിദ്ധം. ആ ആത്മാവ് അച്ഛനും ടീച്ചറും ഗുരുവുമാണ്. എന്നാൽ ആത്മാവിലുള്ള ജ്ഞാനം എങ്ങനെ നൽകും? ശരീരത്തിലൂടെ തന്നെയല്ലേ നൽകുക. നൽകുന്നതുകൊണ്ട് തന്നെയാണല്ലോ മഹിമ പാടുന്നത്. ശിവജയന്തിക്ക് കുട്ടികൾ കോൺഫറൻസ്

നടത്താറുണ്ട്. സർവ്വ മതങ്ങളിലുമുള്ള നേതാക്കന്മാരെ വിളിക്കാറുണ്ട്. ഈശ്വരൻ സർവ്വവ്യാപിയല്ല എന്ന് നിങ്ങൾ പറഞ്ഞു കൊടുക്കണം. അഥവാ എല്ലാവരിലും ഈശ്വരൻ ഉണ്ടെങ്കിൽ ഒരോ ആത്മാവും അച്ഛനും ടീച്ചറും ഗുരുവുമാകണം! സൃഷ്ടിയുടെ ആദി മധ്യ അന്ത്യത്തിന്റെ ജ്ഞാനം അറിയുമോ? ഇതാർക്കും കേൾപ്പിക്കാൻ സാധിക്കില്ല. ഉയർന്നതിലും ഉയർന്ന ബാബക്ക് എത്രയാണ് മഹിമയുള്ളതെന്ന് നിങ്ങൾ കുട്ടികളുടെ ഉള്ളിലുണ്ടായിരിരിണം. ബാബ മുഴുവൻ വിശ്വത്തിനേയും പാവനമാക്കി മാറ്റുന്നു. പ്രകൃതിയേയും പാവനമാക്കി മാറ്റുന്നു. സമ്മേളനങ്ങളിൽ നിങ്ങൾ മറ്റുള്ളവരോട് ആദ്യം ചോദിക്കേണ്ടത്– ഗീതയുടെ ഭഗവാൻ ആരാണ്? സത്യയുഗീ ദേവീ ദേവതാ ധർമ്മം സ്ഥാപിച്ചതാരാണ്? കൃഷ്ണൻ എന്നാണ് പറയുന്നതെങ്കിൽ ബാബയെ അപ്രത്യക്ഷമാക്കുകയാണ് അല്ലെങ്കിൽ പറയും നാമ– രൂപങ്ങളിൽ നിന്നും വേറിട്ടതാണ്. അങ്ങനെയൊരാളേയില്ലാ എന്ന് വരുത്തും. അപ്പോൾ അച്ഛനല്ലാത്തവർ അനാഥരാകില്ലേ? പരിധിയില്ലാത്ത അച്ഛനെ അറിയുന്നില്ല. കാമത്തിന്റെ വാൾ പ്രയോഗിച്ച് പരസ്പരം എത്രമാത്രം ഉപദ്രവിക്കുന്നു. പരസ്പരം ദു:ഖിപ്പിക്കുന്നു. ഇക്കാര്യങ്ങളെല്ലം നിങ്ങളുടെ ബുദ്ധിയിൽ പ്രവർത്തിക്കണം. വ്യത്യാസം പറഞ്ഞുകൊടുക്കണം – ഈ ലക്ഷ്മീ നാരായണൻ ഭഗവാനും ഭഗവതിയുമാണല്ലോ. ഇവരുടെയും വംശാവലി ഉണ്ടല്ലോ. എങ്കിൽ തീർച്ചയായും എല്ലാവരും ഭഗവാനും ഭഗവതിയും ആയിരിക്കേണ്ടേ. നിങ്ങൾ സർവ്വധർമ്മത്തിലുള്ളവരേയും വിളിക്കുന്നുണ്ട്. നല്ല വിദ്യാഭ്യാസമുള്ളവരെ, ബാബയുടെ പരിചയം നൽകാൻ കഴിയുന്നവരെ തീർച്ചയായും വിളിക്കണം. നിങ്ങൾക്കെഴുതാൻ സാധിക്കും – ആർക്കെങ്കിലും രചയിതാവിന്റേയോ രചനയുടെ ആദി മധ്യ അന്ത്യത്തിന്റേയോ പരിചയം നൽകാൻ സാധിക്കുമെങ്കിൽ അവരുടെ യാത്രയ്ക്കും താമസത്തിനും ഉള്ള എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാം– രചയിതാവിന്റെയും രചനയുടേയും പരിചയം നൽകുകയാണെങ്കിൽ മാത്രം. ആർക്കും നൽകുവാൻ സാധിക്കില്ല എന്ന് നിങ്ങൾക്കറിയാം. ഇനി വിദേശത്തു നിന്ന് ആരെങ്കിലും വന്ന് രചയിതാവിന്റേയോ രചനയുടെ ആദി മധ്യ അന്ത്യത്തിന്റേയോ പരിചയം നൽകുകയാണെങ്കിലും ചിലവ് ഞങ്ങൾ വഹിക്കാം. ഇങ്ങനെയൊരു പരസ്യം നൽകാൻ മറ്റാർക്കും സാധിക്കില്ല. നിങ്ങൾ ധൈര്യശാലികളല്ലേ. മഹാവീരന്മാരും മഹാവീരണിമാരുമാണ്. നിങ്ങൾക്കറിയാം ലക്ഷ്മീ നാരായണന് വിശ്വത്തിന്റെ ചക്രവർത്തി പദവി എങ്ങനെയാണ് ലഭിച്ചതെന്ന്. എന്ത് ധൈര്യമാണ് കാണിച്ചതെന്ന്. ബുദ്ധിയിൽ ഇക്കാര്യങ്ങളെല്ലാം ഉണ്ടായിരിക്കണം. നിങ്ങളെത്ര ഉയർന്ന കാര്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മുഴുവൻ വിശ്വത്തിനേയും പാവനമാക്കികൊണ്ടിരിക്കുന്നു. ബാബയേയും ഓർമ്മിക്കണം, സമ്പത്തിനേയും ഓർമ്മിക്കണം. ശിവബാബയെ ഓർമ്മയുണ്ടോ എന്ന് മാത്രം ചോദിച്ചാൽ പോരാ, ബാബയുടെ മഹിമയും പറഞ്ഞു കൊടുക്കണം. ഈ മഹിമ നിരാകാരന്റേത് മാത്രമാണ്. എന്നാൽ നിരാകാരൻ തന്റെ പരിചയം എങ്ങനെ നൽകും? രചനയുടെ ആദി മധ്യ അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നതിന് തീർച്ചയായും മുഖം വേണം. മുഖത്തിനും എത്രയാണ് മഹിമ. മനുഷ്യർ ഗോമുഖത്ത് പോകുന്നതിന് വേണ്ടി എത്രയാണ് കഷ്ടപ്പെടുന്നത്. എന്തെല്ലാം കാര്യങ്ങളാണ് ഉണ്ടാക്കി വെച്ചിരിക്കുന്നത്. അമ്പെയ്തതും ഗംഗ ഉത്ഭവിച്ചു... ഗംഗ പതിത പാവനിയാണെന്ന് കരുതുന്നു. ജലം എങ്ങനെ പതിതത്തിൽ നിന്നും പാവനമാക്കി മാറ്റും. പതിത പാവനൻ ഒരു ബാബ തന്നെയാണ്. ബാബ കുട്ടികളെ എന്തെല്ലാം പഠിപ്പിക്കുന്നു. ബാബ പറയന്നു ഇങ്ങനെ ഇങ്ങനെയെല്ലാം ചെയ്യൂ. രചയിതാവായ ബാബയുടേയും രചനയുടേയും പരിചയം ആരാണ് വന്ന് നൽകുക. ഋഷി മുനിമാരെല്ലാം പറഞ്ഞിരുന്നത് അറിയില്ല എന്ന് തന്നെയാണ്. അർത്ഥം നാസ്തികരാണ്. ഇപ്പോൾ ആസ്തികർ ആരെങ്കിലും ഉണ്ടോ എന്ന് നോക്കണം. നിങ്ങൾ കുട്ടികളിപ്പോൾ നാസ്തികനിൽ നിന്നും ആസ്തികനായി മാറിക്കൊണ്ടിരിക്കുന്നു. നിങ്ങളെ ഇത്രയും ഉയർന്നതാക്കി മാറ്റുന്ന പരിധിയില്ലാത്ത ബാബയെ നിങ്ങൾക്കറിയാം. ഓ ഗോഡ് ഫാദർ, ദയ കാണിക്കൂ എന്ന് പറഞ്ഞ് വിളിക്കുന്നുണ്ട്. ബാബ പറയുന്നു മുഴുവൻ വിശ്വത്തിലും രാവണന്റെ രാജ്യമാണ്. സർവ്വരും ഭ്രഷ്ടാചാരികളാണ്. അപ്പോൾ ശ്രേഷ്ഠാചാരികളും ഉണ്ടാകണമല്ലോ. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് ആദ്യമാദ്യം പവിത്ര ലോകമായിരുന്നു. ബാബ അപവിത്രമായ ലോകം ഒരിക്കലും നിർമ്മിക്കില്ല. ബാബ വന്ന് പാവന ലോകം സ്ഥാപിക്കുന്നു. അതിനെ ശിവാലയം എന്ന് വിളിക്കുന്നു. ശിവബാബ ശിവാലയമല്ലേ സ്ഥാപിക്കുക. എങ്ങനെയാണ് സ്ഥാപിക്കുന്നതെന്നും നിങ്ങൾക്കറിയാം. മഹാപ്രളയമോ, വെള്ളപ്പൊക്കമോ ഒന്നും വരില്ല. ശാസ്ത്രങ്ങളിൽ എന്തല്ലാമാണ് എഴുതി വച്ചിരിക്കുന്നത്. അവസാനം അവശേഷിച്ച 5 പാണ്ഡവർ പർവ്വതത്തിൽ കയറി മരിച്ചുപോയി, ശേഷം എന്താണെന്ന് ആർക്കും അറിയില്ല. ഇതെല്ലാം ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. ബാബ അച്ഛനും ടീച്ചറും സദ്ഗുരുവുമാണെന്ന് നിങ്ങൾക്ക് മാത്രമേ അറിയൂ. സത്യയുഗത്തിൽ ക്ഷേത്രങ്ങളില്ല. ഈ ദേവതകൾ ജീവിച്ച് പോയവരാണ്. അവരുടെ ഓർമ്മചിഹ്നങ്ങളായ ക്ഷേത്രങ്ങൾ ഇവിടെയുണ്ട്. ഓരോ സെക്കന്റിലും പുതിയ കാര്യങ്ങൾ നടന്നു കൊണ്ടിരിക്കുന്നു, ചക്രം തിരിഞ്ഞുകൊണ്ടിരിക്കുന്നു. ബാബ കുട്ടികൾക്ക് നല്ല നിർദ്ദേശങ്ങൾ തരുന്നുണ്ട്. എന്നാൽ ദേഹാഭിമാനികളായ ഒരുപാടു കുട്ടികൾ കരുതുന്നു, നമുക്കെല്ലാം അറിയാം. മുരളിയും വായിക്കില്ല. മുരളിയോട് ആദരവേ ഇല്ല. ബാബ മുന്നറിയിപ്പ് തരുന്നു പലപ്പോഴും വളരെ നല്ല മുരളി നടക്കും. മുടക്കുവാൻ

പാടില്ല. പത്തോ പതിനഞ്ചോ ദിവസം മുരളി മുടങ്ങിപ്പോയാലും അത് പിന്നീട് ഇരുന്ന് വായിക്കണം. ബാബ ഇതും പറയുന്നു, മറ്റുള്ളവരെ വെല്ലുവിളിക്കൂ – ആർക്കെങ്കിലും രചയിതാവിന്റേയോ രചനയുടെയോ ആദി മധ്യ അന്ത്യത്തിന്റെ ജ്ഞാനം നൽകുകയാണെങ്കിൽ അവരുടെ ചിലവ് ഞങ്ങൾ വഹിക്കാം. ഇക്കാര്യത്തെ തിരിച്ചറിയാവുന്നവർ മാത്രമല്ലേ ഇങ്ങനെ വെല്ലുവിളിക്കുകയുള്ളൂ. ടീച്ചർ സ്വയം അറിയുന്നതുകൊണ്ടാണല്ലോ ചോദിക്കുന്നത്. അറിയാത്തവർ എങ്ങനെ ചോദ്യം ചോദിക്കും.

ചില കുട്ടികൾ മുരളിയെ അവഗണിക്കുന്നു. നമുക്ക് ശിവബാബയുമായാണ് കണക്ഷൻ എന്ന് പറയുന്നു. എന്നാൽ ശിവബാബ പറയുന്ന കാര്യങ്ങളും കേൾക്കേണ്ടേ. അല്ലാതെ ഓർമിച്ചാൽ മാത്രം മതിയോ. ബാബ നല്ല-നല്ല മധുരമായ കാര്യങ്ങൾ എങ്ങനെയാണ് കേൾപ്പിക്കുന്നത്. എന്നാൽ മായ പൂർണ്ണമായും അഹങ്കാരിയാക്കി മാറ്റും. പഴഞ്ചൊല്ലില്ലേ – എലിക്ക് മഞ്ഞൾ കഷ്ണം കിട്ടിയപ്പോൾ വിചാരിച്ചു ഞാൻ വ്യാപാരി ആയി... വളരെപ്പേർ മുരളി വായിക്കുന്നതേയില്ല. മുരളിയിലല്ലേ പുതിയ-പുതിയ കാര്യങ്ങൾ വരുന്നത്. ഈ കാര്യങ്ങളെല്ലാം മനസ്സിലാക്കാനുള്ളതാണ്. ബാബയുടെ ഓർമ്മയിൽ ഇരിക്കുമ്പോൾ ഇക്കാര്യം കൂടി ഓർമ്മിക്കണം – ബാബ നമ്മുടെ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. അല്ലെങ്കിൽ എവിടെ നിന്ന് പഠിക്കും. ബാബ കുട്ടികൾക്ക് എല്ലാം മനസ്സിലാക്കി തരുന്നു. കുട്ടികൾ തന്നെയാണ് ബാബയെ പ്രത്യക്ഷമാക്കുന്നത്. സൺ ഷോസ് ഫാദർ. കുട്ടിയെ പിന്നെ അച്ഛൻ പ്രത്യക്ഷമാക്കുന്നു. ആത്മാവിനെ പ്രത്യക്ഷമാക്കുന്നു. കുട്ടികളുടെ ജോലിയാണ് ബാബയെ പ്രത്യക്ഷമാക്കുക എന്നത്. ബാബയും കുട്ടികളെ വിടില്ല, പറയും ഇന്ന് ഇന്ന സ്ഥലത്ത് പോകൂ, ഇന്നിവിടെ പോകൂ. ബാബക്ക് ഓർഡർ കൊടുക്കുവാൻ സാധിക്കില്ല. നിങ്ങളുടെ ക്ഷണം എല്ലാ പത്രങ്ങളിലും വരും. ഈ സമയം മുഴുവൻ ലോകവും നാസ്തികമാണ്. ബാബ വന്നിട്ട് ആസ്തികരാക്കി മാറ്റുന്നു. ഈ സമയത്ത് മുഴുവൻ ലോകവും കാൽ കാശിന് വിലയില്ലാത്തതാണ്. അമേരിക്കയുടെ പക്കൽ ധനവും സമ്പത്തും എത്രയുണ്ടെങ്കിലും കാൽ കാശിന് വിലയില്ല എന്നേ പറയൂ. ഇതെല്ലാം തന്നെ അവസാനിക്കുവാൻ പോകുന്നതാണ്. മുഴുവൻ ലോകത്തിലും നിങ്ങൾ ധനികരാകുന്നു. അവിടെ ദരിദ്രരാരും ഉണ്ടാകില്ല.

നിങ്ങൾ കുട്ടികൾ ജ്ഞാനം സ്മരിച്ച് ഹർഷിതരായിരിക്കണം. അങ്ങനെയുള്ളവരെക്കുറിച്ചാണ് പറയുന്നത് – അതീന്ദ്രിയ സുഖത്തിനെക്കുറിച്ച് ഗോപ ഗോപികമാരോട് ചോദിക്കൂ എന്ന്. ഭഗവാൻ അച്ഛനും ടീച്ചറും സദ്ഗുരുവുമാണെന്ന് അറിയില്ലായിരുന്നു. ഇപ്പോൾ അച്ഛൻ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് ഈ ലഹരി സ്ഥായിയായി ഉണ്ടായിരിക്കണം. അന്തിമം വരെ ഈ ലഹരി ഉണ്ടായിരിക്കണം. ഇപ്പോൾ ലഹരി പെട്ടെന്ന് സോഡാവെള്ളം പോലെയാകുന്നു. സോഡ അങ്ങനെയല്ലേ കുറച്ചു സമയം വച്ച് കഴിഞ്ഞാൽ ക്ഷാരജലമാകും. ഇങ്ങനെയാവാൻ പാടില്ല. മറ്റുള്ളവർ അതിശയപ്പെടുന്ന രീതിയിൽ മനസ്സിലാക്കി കൊടുക്കൂ. നല്ലതാണെന്ന് പറയുന്നുണ്ട്. എന്നാൽ അവർ സമയം കണ്ടു പിടിച്ചു മനസ്സിലാക്കുവാൻ വരിക, അവരുടെ ജീവിതം തന്നെ മാറുക – അക്കാര്യം വളരെ വിരളമാണ്. ജോലി ചെയ്യുന്നതിനൊന്നും ബാബ തടസ്സം പറയുന്നില്ല. പവിത്രമാകൂ. ഞാൻ പഠിപ്പിക്കുന്ന കാര്യങ്ങൾ ഓർമ്മിക്കൂ. ബാബ ടീച്ചറല്ലേ? ഇത് അസാധരണമായ പഠിപ്പാണ്. മനുഷ്യർക്കിത് പഠിപ്പിക്കുവാൻ സാധിക്കില്ല. ഭാഗ്യശാലിരഥത്തിൽ വന്ന് പഠിപ്പിക്കുന്നത് ബാബ തന്നെയാണ്. ബാബ മനസ്സിലാക്കി തരുന്നു നിങ്ങളുടെയും സിംഹാസനത്തിൽ (ഭൃകുടിയിൽ) തന്നെയാണ് ആത്മാവ് വന്ന് ഇരിക്കുന്നത്. ആത്മാവിന് ഈ മുഴുവൻ പാർട്ടും ലഭിച്ചിട്ടുള്ളതാണ്. ഇതെല്ലാം യഥാർത്ഥ കാര്യങ്ങളാണെന്ന് ഇപ്പോൾ നിങ്ങൾ മനസ്സിലാക്കൂ. ബാക്കിയെല്ലാം കൃത്രിമമാണ്. ഇത് നല്ല രീതിയിൽ ധാരണ ചെയ്ത് ചരട് ബന്ധിക്കൂ. അങ്ങനെയെങ്കിൽ കൈ തടയുമ്പോൾ തന്നെ ഓർമ്മവരും. എന്നാൽ എന്തിനാണ് കെട്ടിയതെന്ന് പോലും മറന്നുപോകുന്നു. നിങ്ങൾക്ക് ഇക്കാര്യം നല്ല രീതിയിൽ ഓർമ്മിക്കണം. ബാബയെ ഓർമ്മിക്കുന്നതിനോടൊപ്പം ജ്ഞാനവും വേണം. മുക്തിയുമുണ്ട്, ജീവന്മുക്തിയുമുണ്ട്. അതിമധുരമായ കുട്ടികളാകൂ. ബാബ ഉള്ളിൽ മനസ്സിലാക്കുന്നുണ്ട് കൽപ്പ-കൽപ്പം ഈ കുട്ടികൾ പഠിക്കുന്നു. നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് തന്നെയാണ് സമ്പത്തെടുക്കുന്നത്. എങ്കിലും പഠിപ്പിക്കുന്ന ടീച്ചർ പുരുഷാർത്ഥം ചെയ്യിക്കില്ലേ. നിങ്ങൾ അടിക്കടി മറന്ന് പോകുന്നതുകൊണ്ടാണ് ഓർമ്മിപ്പിക്കേണ്ടി വരുന്നത്. ശിവബാബയെ ഓർമ്മിക്കൂ. ബാബ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ്. ചെറിയ കുട്ടികൾക്ക് ഇങ്ങനെ ഓർമ്മിക്കുവാൻ സാധിക്കില്ല. കൃഷ്ണൻ അച്ഛനും ടീച്ചറും സദ്ഗുരുവുമാണ് എന്ന് ഒരിക്കലും പറയില്ല. സത്യയുഗത്തിന്റെ രാജകുമാരനായ കൃഷ്ണൻ എങ്ങനെ ഗുരുവാകും. ദുർഗതിയിലാണ് ഗുരുവിനെ വേണ്ടത്. പാടാറുണ്ട് ബാബ വന്ന് സർവ്വരുടേയും സദ്ഗതി ചെയ്യുന്നു എന്ന്. കൃഷ്ണനെ കരിങ്കുയിൽ പോലെ കറുപ്പിച്ചു കാണിച്ചിരിക്കുന്നു. ബാബ പറയുന്നു സർവ്വരും കാമ ചിതയിലിരുന്ന് കരിങ്കുയിൽ പോലെയായി അതുകൊണ്ടാണ് ശ്യാമനെന്ന് പറയുന്നത്. മനസ്സിലാക്കുന്നതിനായി എത്രയോ ആഴമേറിയ കാര്യങ്ങളുണ്ട്. ഗീത സർവ്വരും വായിക്കുന്നതാണ്. ഭാരതവാസികൾ തന്നെയാണ് സർവ്വ ശാസ്ത്രങ്ങളും അംഗീകരിക്കുന്നത്. സർവ്വരുടെയും ചിത്രങ്ങൾ

വയ്ക്കുന്നുണ്ട്. അങ്ങനെയുള്ളവരെ എന്തു പറയും? വ്യഭിചാരി ഭക്തിയല്ലേ? ഒരു ശിവന്റെ ഭക്തി മാത്രമാണ് അവ്യഭിചാരി ഭക്തി. ജ്ഞാനവും ലഭിക്കുന്നത് ഒരു ശിവബാബയിൽ നിന്നല്ലേ. ഈ ജ്ഞാനം തീർത്തും വേറിട്ടതാണ്. ഈ ജ്ഞാനത്തെയാണ് ആത്മീയ ജ്ഞാനം എന്നു പറയുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) വിനാശിയായ ലഹരി ഉപേക്ഷിച്ച് ഈ അലൗകിക ലഹരിയുണ്ടായിരിക്കണം - നമ്മൾ കാൽക്കാശിന് വിലയില്ലാത്തവരിൽ നിന്നും ധനികരായി മാറുകയാണ്. സ്വയം ഭഗവാൻ നമ്മളെ പഠിപ്പിക്കുന്നു. നമ്മുടെ പഠിപ്പ് അസാധാരണമാണ്.

2) ആസ്തികരായി ബാബയെ പ്രത്യക്ഷമാക്കുന്ന സേവനം ചെയ്യണം. ഒരിക്കലും അഹങ്കാരത്തിലേക്ക് വന്ന് മുരളി മുടക്കരുത്.

## വരദാനം:- പവിത്രതയുടെ അടിത്തറയിലൂടെ സദാ ശ്രേഷ്ഠകർമ്മം ചെയ്യുന്ന പൂജ്യാത്മാവായി ഭവിക്കട്ടെ.

പവിത്രത പൂജ്യരാക്കി മാറ്റുന്നു. പൂജ്യർ അവർ തന്നെയാണാവുക ആരാണോ സദാ ശ്രേഷ്ഠ കർമ്മം ചെയ്യുന്നത്. എന്നാൽ പവിത്രത കേവലം ബ്രഹ്മചര്യമല്ല. മനസാ സങ്കൽപ്പത്തിൽ പോലും ആരെ പ്രതിയും നെഗറ്റിവ് സങ്കൽപ്പങ്ങൾ ഉൽപ്പന്നമാകരുത്. വാക്കുകളും അയഥാർത്ഥമാകരുത്. സംബന്ധ സമ്പർക്കത്തിൽ പോലും വ്യത്യാസമുണ്ടാകരുത്, എല്ലാവരോടും ഒരേപോലെ നല്ല സംബന്ധമായിരിക്കണം. മനസാ- വാചാ- കർമ്മണാ ഒന്നിലും പവിത്രത ഖണ്ഡിക്കപ്പെടരുത്, അപ്പോൾ പറയാം പൂജ്യാത്മാവ്. ഞാൻ പരമ പൂജ്യാത്മാവാണ്-ഈ സ്മൃതിയിലൂടെ പവിത്രതയുടെ അടിത്തറ ശക്തിശാലിയാക്കൂ.

## സ്ലോഗൻ:- സദാ ഈ അലൗകിക ലഹരിയിലിരിക്കൂ "ആഹാ ഞാൻ" എങ്കിൽ മനസ്സ് കൊണ്ടും ശരീരം കൊണ്ടും സ്വാഭാവിക സന്തോഷത്തിന്റെ നൃത്തം ചെയ്തുകൊണ്ടേയിരിക്കും.